## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5186 — 30-06-2014 ന് മറുപടിയ്ക്ക്

### വൈത്തിരി താലൂക്കിലെ സംയുക്ത പരിശോധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വി. ശ്രേയാംസ് കുമാർ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) വൈത്തിരി താലൂക്കിൽ റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന ആവശ്യമായ സ്ഥലങ്ങളിൽ ആയത് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) വൈത്തിരി താലൂക്കിൽ സംയുക്ത പരിശോധന ആവശ്യമായ സ്ഥലങ്ങളിൽ റവന്യൂ, വനം, സർവ്വേ വകുപ്പുകളുടെ ഫീൽഡ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. കോട്ടപ്പടി, വെള്ളരിമല, മൂപ്പൈനാട് വില്ലേജുകളിൽപ്പെട്ട 7 കേന്ദ്രങ്ങളിലാണ് സംയുക്ത പരിശോധന നടന്നത്. (കനേഡിയൻ കുന്ന്, കുന്ദമംഗലം വയൽ - മേപ്പാടികുന്ന്, പുഴമൂല – എരുമകൊല്ലി, പഞ്ചമിക്കുന്ന്, കടച്ചിക്കുന്ന് നീലിമല, മമ്മികുന്ന്) |
| (ബി) ഏതെല്ലാം സ്ഥലങ്ങളിലെ സംയുക്ത പരിശോധന പൂർത്തിയാക്കി; റവന്യൂ വകുപ്പ് മഹസ്സറും റിപ്പോർട്ടും തയ്യാറാക്കി റിക്കാർഡുകൾ ഒപ്പ് ഇടുന്നതിനായി വനം വകുപ്പിന് കൈമാറി യിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) വെള്ളരിമല വില്ലേജിലെ മമ്മികുന്ന്, മൂപ്പൈനാട് വില്ലേജിലെ കടച്ചിക്കുന്ന് നീലിമല ഭാഗങ്ങളിൽ പൂർണ്ണമായും, കോട്ടപ്പടി വില്ലേജിൽ മേപ്പാടിക്കുന്നിൽ ഭാഗികമായും സംയുക്തപരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ രേഖകൾ റവന്യൂ വകുപ്പ് തയ്യാറാക്കി വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (സി) പ്രസ്തുത റിക്കാർഡുകളിൽ ഏതെല്ലാം സ്ഥലത്തെ റിക്കാർഡുകൾ വനം വകുപ്പ് തിരിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) റവന്യൂ വകുപ്പിൽ നിന്ന് റിക്കാർഡുകൾ ലഭ്യമായ കടച്ചിക്കുന്ന് നീലിമല, മമ്മികുന്ന് എന്നീ സ്ഥലങ്ങളിലേത് പൂർണ്ണമായും കുന്ദമംഗലംവയലിലേത് ഭാഗികമായും വനം വകുപ്പ് തിരിച്ച് നൽകിയിട്ടുണ്ട്. |

Adithyab

സെക്ഷൻ ഓഫീസർ